

TUESDAY 09-08-2022 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**


Chief Editor : Suraj S    Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-09/08/2022.

1. സംസ്ഥാന കർഷക ദിനാഘോഷത്തിന്റെയും കർഷക അവാർഡ് വിതരണത്തിന്റെയും ഒരു ലക്ഷം കാർഷിക പ്രവർത്തനങ്ങളുടെ പ്രഖ്യാപനവും ആഗസ്റ്റ് 17-ന് തിരുവനന്തപുരം നിശാഗന്ധി ആഡിറ്റോറിയത്തിൽ വച്ച് നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. ഇതോടൊപ്പം ബ്ലോക്ക് തലത്തിൽ പുതുതായി ആരംഭിക്കുന്ന കൃഷിമന്ത്രിയുടെ കർഷക സമ്പർക്ക പരിപാടിയായ കൃഷിദർശന്റെയും ഉദ്ഘാടനം നടത്തപ്പെടുന്നതാണ്.

2. തിരുവനന്തപുരം നഗരസഭയുടെയും സിറ്റി കോർപ്പറേഷൻ കൃഷിഭവന്റെയും സംയുക്താഭിമുഖ്യത്തിൽ ആഗസ്റ്റ് 17 (ചിങ്ങം 1) കർഷക ദിനമായി ആചരിക്കുന്നു. അന്നേദിവസം കൃഷിഭവൻ പരിധിയിൽ വരുന്ന മികച്ച കർഷകരെ ആദരിക്കുന്നതിലേയ്ക്കായി മുതിർന്ന കർഷകതൊഴിലാളി, മട്ടുപ്പാവിലെ കൃഷി, വനിതാ കർഷക, യുവകർഷകൻ, സമ്മിശ്ര കർഷകൻ, ജൈവകർഷകൻ, ക്ഷീരകർഷകൻ, പട്ടികജാതി-പട്ടികവർഗ കർഷക, കുട്ടിക്കർഷകൻ എന്നീ വിഭാഗങ്ങളിലായി അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ ആഗസ്റ്റ് പത്താം തീയതി അഞ്ച് മണിക്ക് മുമ്പായി കൃഷിഭവനിൽ എത്തിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം കൃഷി സംബന്ധമായ വിവരങ്ങൾ, മേൽവിലാസം, ഫോൺ നമ്പർ എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. മുൻവർഷങ്ങളിൽ ആദരിച്ച കർഷകർ അപേക്ഷ സമർപ്പിക്കേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്ക് പാളയം സാഫല്യം കോപ്ലക്സിലെ കൃഷിഭവനുമായി **0471 –2320942** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്ലാവ്, മാവ്, റമ്പൂട്ടാൻ, സപ്പോട്ട എന്നിവയുടെ ബഡ് തൈകൾ, സീഡ്‌ലെസ് നാരകം, മാങ്കോസ്റ്റീൻ, കവുങ്ങ്, അകത്തി, പച്ചക്കറി ഇനങ്ങളായ വഴുതന, വെണ്ട, തക്കാളി, പയർ എന്നിവയുടെ തൈകൾ വിൽപനയ്ക്ക് തയ്യാറായിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് സീനിയർ സയന്റിസ്റ്റ് ആൻഡ് ഹെഡ്, ഐ സി എ ആർ കൃഷി വിജ്ഞാന കേന്ദ്രം, കാർഡ് പത്തനംതിട്ട എന്ന മേൽവിലാസത്തിലോ **0469 2661821 (എക്സ്റ്റൻഷൻ 214), 8078572094** എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ അത്യുൽപാദനശേഷിയുള്ള ബി.വി 380 മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിൽപനയ്ക്ക് തയ്യാറായിട്ടുണ്ട്. കുഞ്ഞൊന്നിനു 160 രൂപയാണ് വില. താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

5. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **ഉണക്കറബ്ബറിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ** അഞ്ചു ദിവസത്തെ പരിശീലനം നൽകുന്നു. **മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമ്മാണം; റബ്ബർകോമ്പൗണ്ടിങ്; പ്രോസസ്സ് കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ; എം.എസ്.എം.ഇ.** (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം **ആഗസ്റ്റ് 29 മുതൽ സെപ്റ്റംബർ 02** വരെ നടത്തും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക.

6. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 11, 12 (ആഗസ്റ്റ് 11,12) തീയതികളിൽ രാവിലെ 10.30 മുതൽ **തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ 20 രൂപ രജിസ്ട്രേഷൻ ഫീസ് അടക്കേണ്ടതും ആധാർ കാർഡിന്റെ കോപ്പി, ബാങ്ക് പാസ്ബുക്കിന്റെ കോപ്പി എന്നിവ ഹാജരാക്കേണ്ടതുമാണ്. പരിശീലനാർത്ഥികൾക്ക് യാത്രക്കൂലിയായി 100 രൂപയും പ്രതിദിന ദിനബത്ത 150 രൂപയും ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതാണ്.

7. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം "**സുരക്ഷിത ഭക്ഷണം നമ്മുടെ അവകാശം** " എന്ന വിഷയത്തിലെ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് ഓഗസ്റ്റ് 16 ന് തുടങ്ങുന്നു. ഈ കോഴ്സിൽ ചേരുന്നതിന് **ഓഗസ്റ്റ് 15** നകം രജിസ്റ്റർ ചെയ്യേണ്ടതാണ്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് **ഓഗസ്റ്റ് 16** മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

8. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 10, 11 (ആഗസ്റ്റ് 10,11) തീയതികളിൽ രാവിലെ 10 മുതൽ 5 വരെ **ഇറച്ചിക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ പരിശീലന ക്ലാസ്സ് നടത്തുന്നു. താൽപര്യമുള്ളവർ **0469-2965535** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9188522711** എന്ന വാട്ട്സാപ്പ് നമ്പരിൽ വാട്ട്സാപ്പ് സന്ദേശം അയച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. **കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

- മഴയെ തുടർന്ന് വാഴയിൽ സിഗൈട്ടോക രോഗം മൂലം ഇലകരിച്ചിൽ കാണാൻ സാധ്യത ഉള്ളതിനാൽ സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി ഇലകളിൽ തളിക്കുക.
- വെള്ളക്കെട്ടുണ്ടായ സ്ഥലങ്ങളിൽ മാണം അഴുകൽ ഉണ്ടാകാനുള്ള സാധ്യത ഉള്ളതിനാൽ നീർവാർച്ച സൗകര്യം ഉറപ്പാക്കുക, മാണം അഴുകലിനെ പ്രതിരോധിക്കുന്നതിനായി വെള്ളം ഇറങ്ങിയ ശേഷം സ്യൂഡോമോണാസ് ലായനി ചുവട്ടിൽ ഒഴിച്ച് കൊടുക്കുക.
- കീടങ്ങളുടെ ആക്രമണം തടയുന്നതിന് 4 മുതൽ 5 മാസം പ്രായമായ വാഴയുടെ ഇളക്കവിളിൽ വേപ്പിൻകുരു ചതച്ചു ഇട്ടു കൊടുക്കുക.